പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3395 — 09/04/2013-ൽ മറുപടിയ്ക്ക്

## റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് പോളിസി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് പോളിസി രൂപീകരിച്ചിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും മെച്ചപ്പെട്ട നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുമായി 15-11-2011-ലെ ജി.ഒ.(എം. എസ്) 419/11/റവ. നമ്പർ സർക്കാർ ഉത്തരവു പ്രകാരം സമഗ്രമായ ഒരു പുനരധിവാസ നയവും പാക്കേജും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (ബി) പുതിയ പുനരധിവാസ നയമനുസരിച്ചുള്ള പ്രധാന നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ്:<br><br>1. ഭൂമി ഏറ്റെടുക്കുന്നതിന്റെ പൊതു ആവശ്യം **(Public purpose)** വ്യക്തമായി നിർവ്വചിക്കപ്പെട്ടിരിക്കണം.<br>2. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഉന്നതാധികാര സമിതിയുടെ അംഗീകാരത്തിനു ശേഷമേ ലാന്റ് അക്വിസിഷൻ നടപടികൾ ആരംഭിക്കുകയുള്ളൂ.<br>3. ഭൂമി ഏറ്റെടുക്കുന്നതുമൂലമുണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങൾ ആദ്യമേ വിലയിരുത്തുന്നതാണ്.<br>4. പദ്ധതി ബാധിതരായ ആളുകൾക്ക് പദ്ധതിയെക്കുറിച്ചുള്ള വ്യക്തമായ ധാരണ നൽകുന്നതാണ്.<br>5. ഏറ്റെടുക്കുന്ന ഭൂമി മൂന്ന് വർഷത്തിനുള്ളിൽ പ്രസ്തുത ആവശ്യത്തിന് ഉപയോഗപ്പെടുത്താത്തപക്ഷം റവന്യു വകുപ്പിൽ നിക്ഷിപ്തമാക്കുന്നതാണ്.<br>6. പദ്ധതി മൂലം ഭൂരഹിതരും ഭവന രഹിതരുമാകുന്നവർക്ക് മറ്റ് വരുമാന മാർഗ്ഗമില്ലെങ്കിൽ നിബന്ധനകൾക്ക് വിധേയമായി 3 സെന്റ് ഭൂമി നൽകേണ്ടതാണ്. |

| | | | |
|---|---|---|---|
| | | | 7. തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന പ്രോജക്ടുകളിൽ ഭൂമി നഷ്ടപ്പെടുന്ന കുടുംബത്തിൽ ഒരാൾക്ക് ജോലി നൽകുന്ന കാര്യം പരിഗണിക്കുക തുടങ്ങിയവ ഈ പോളിസിയിലെ പ്രധാന നിർദ്ദേശങ്ങളാണ്. 8.കൂടാതെ ജില്ലാതല പർച്ചേസ് കമ്മിറ്റി ഭൂവുടമ കളുമായി ചർച്ച നടത്തി ഭൂവില സംബന്ധിച്ച് ധാരണയിലെത്തുകയും ജില്ലാ തല പർച്ചേസ് കമ്മിറ്റി ശുപാർശ ചെയ്യുന്ന വിലകൾ, ചീഫ് സെക്രട്ടറി ചെയർമാനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തോടെ അനുവദിച്ചു നൽകുകയും ചെയ്യുന്നത്മൂലം ഭൂദാതാക്കൾക്ക് അർഹമായ വില ലഭിക്കാനുള്ള സാധ്യത കൂടിയിട്ടുണ്ട്. വീടുകൾക്കും 9. മറ്റ് ചമയങ്ങൾക്കും ഡിപ്രീസിയേഷൻ ഇല്ലാതെ വില കണക്കാക്കുന്നതാണ്. 10. പുറമ്പോക്കിൽ താമസിക്കുന്ന അഗതികൾ, വാടക കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപന ങ്ങൾ നടത്തുന്നവർ, വാടക കെട്ടിട ങ്ങളിൽ താമസിക്കുന്നവർ എന്നിവ രേയും സർക്കാരിന്റെ പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പോളിസി പ്രകാരം ഭൂമി ഏറ്റെടു ക്കലുമായി ബന്ധപ്പെട്ട് എത്ര പരാതികൾ പരി ഹരിച്ചിട്ടുണ്ട്; വിശദാം ശങ്ങൾ ലഭ്യമാക്കുമോ ; | (സി) | 15-11-2011-മുതൽ സംസ്ഥാന സർക്കാർ ഈ ഉത്തരവിന് പ്രാബല്യം നൽകിയിട്ടുണ്ട്. ഈ പോളിസി പ്രകാരം പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (ഡി) | സ്ഥലം ഏറ്റെടുക്കലിന് റവന്യൂ വകുപ്പിന്റെ പ്രത്യേക ശീർഷക ത്തിൽ മാത്രം തുക വകയിരുത്തിയിട്ടുണ്ടോ; എത്ര രൂപയാണ് 2011-12 ബജറ്റിൽ വകയിരുത്തി യത്; ഇതിൽ എത്ര രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട് ? | (ഡി) | 2011-12 വർഷത്തിൽ ഈ ആവശ്യത്തിന് തുകയൊന്നും വകയിരുത്തിയിരുന്നില്ല. 2012-13 വർഷത്തിൽ 5054-80-800-65 ലാന്റ് അക്വിസിഷൻ ഫോർ ഗവൺമെന്റ് പർപ്പസ് എന്ന ശീർഷകത്തിൽ 300 കോടി രൂപ വകയിരുത്തിയിരുന്നു. മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.